# ‘അബ്ദീ’ ‘അമതീ’ എന്നീ വിളികൾ പാടില്ല

അബൂഹുറയ്റﷺവിൽ നിന്നും നിവേദനം: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«لاَ يَقُلْ أَحَدُكُمْ: أَطْعِمْ رَبَّكَ، وَضِّئْ رَبَّكَ. وَلْيَقُلْ: سَيِّدِي, وَمَوْلاَيَ, وَلاَ يَقُلْ أَحَدُكُمْ: عَبْدِي, وأَمَتِي, وَلْيَقُلْ: فَتَايَ, وفَتَاتِي, وغُلاَمِي»

“നിങ്ങളിൽ ആരും ‘നീ നിന്റെ റബ്ബിനെ ഭക്ഷിപ്പിക്കൂ...’, ‘നീ നിന്റെ റബ്ബിന് വുദൂ ചെയ്തുകൊടുക്കൂ....’ എന്ന് പറയരുത്. പകരം ‘സയ്യിദീ’ (എന്റെ സയ്യിദേ) ‘മൗലായ’ (എന്റെ മൗലായ്) എന്ന് പറഞ്ഞുകൊള്ളട്ടെ. നിങ്ങളിൽ ഒരാളും ‘അബ്ദീ’ (എന്റെ ദാസൻ) ‘അമതീ’ (എന്റെ ദാസീ) എന്ന് പറയരുത് പകരം ‘ഫതായ’ (എന്റെ യുവാവ്) ‘ഫതാതീ’ (എന്റെ യുവതി) ‘ഗുലാമീ’ (എന്റെ ഭൃത്യൻ) എന്നിങ്ങനെ പറയട്ടെ......”(ബുഖാരി)

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- ‘അബ്ദീ’ ‘അമതീ’ എന്നിവ പറയുന്നതിലെ വിരോധം.
- അടിമ (സയ്യിദിനോട്) ‘റബ്ബീ’ എന്ന് പറയരുത്. അടിമയോട് ‘നിന്റെ റബ്ബിനെ ഭക്ഷിപ്പിക്കൂ’ എന്നും പറയരുത്.
- ‘സയ്യിദി’നെ, ‘ഫതായ’, ‘ഫതാതി’, ‘ഗുലാമീ’ എന്നിങ്ങനെ വിളിക്കുവാൻ പഠിപ്പിക്കൽ.
- അടിമയെ, ‘സയ്യിദീ’, ‘മൗലായ്’ എന്നിങ്ങനെ വിളിക്കുവാൻ പഠിപ്പിക്കൽ.
- പദപ്രയോഗങ്ങളിൽവരെ തൗഹീദിനെ സാക്ഷാത്കരിക്കലാണ് ഇതുകൊണ്ടുള്ള ഉദ്ദേശമെന്ന് ഉണർത്തൽ.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**